## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1332** **10-10-2024 - ൽ മറുപടിയ്ക്ക്**

## വിനോദസഞ്ചാര മേഖലയുടെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാവ്യതിയാനവും വിനോദസഞ്ചാര മേഖലയെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനവും വിനോദസഞ്ചാര മേഖലയെ ബാധിക്കാറുണ്ട് . കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശാനുസൃതമായി പല ഘട്ടങ്ങളിൽ ടൂറിസം കേന്ദ്രങ്ങൾ അടച്ചിടാറുണ്ട് . |
| (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങൾ സുരക്ഷിതവും അപകടകരഹിതവും ആക്കാൻ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ; | (ബി) | ടൂറിസം മേഖലയിലെ അപകടങ്ങൾ ഒഴിവാക്കി സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപടികൾ സ്വീകരിച്ച് വരുന്നു. ഡിസൈൻ പോളിസി നടപ്പിലാക്കി പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ശ്രമം നടത്തുന്നുണ്ട്. പ്രകൃതിക്കും പരിസ്ഥിതിക്കും അനുയോജ്യമായ സുസ്ഥിര വികസനമാണ് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായും ഇത്തരം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ടൂറിസം ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും, ആവശ്യമായ ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 145 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിച്ച് വരുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.<br><br>ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ, സ്ലീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിയ്ക്കുക തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കി വരികയാണ്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായി ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളിൽ പ്രാദേശിക പങ്കാളിത്തത്തോടെ സുരക്ഷിത ടൂറിസം വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ? | (സി) | ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളിൽ പ്രാദേശിക പങ്കാളിത്തത്തോടെ ടൂറിസം വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. അതായത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും പ്രാദേശിക പങ്കാളിത്തത്തോടെയും ഉള്ള ടൂറിസം പ്രവർത്തനങ്ങൾ സുരക്ഷിത ടൂറിസം എന്ന ആശയം കൂടി ഉൾക്കൊള്ളുന്നതാണ്.<br><br>പ്രാദേശിക സഹകരണത്തോടെ ടൂറിസം വികസനം നടപ്പിലാക്കുന്ന പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ, സ്ലീറ്റ് എന്നിങ്ങനെയുള്ള പങ്കാളിത്ത ടൂറിസം വികസന പദ്ധതികൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. പൂർണ്ണമായും പ്രാദേശിക സഹകരണത്തോടെയുള്ള പദ്ധതികളുടെ നടത്തിപ്പിലൂടെ ഒരു പരിധി വരെ ടൂറിസം കേന്ദ്രങ്ങളുടെ സുരക്ഷിതവും, സുസ്ഥിരവുമായ വളർച്ച സാധ്യമാക്കുന്നു. ടൂറിസം കേന്ദ്രങ്ങളിൽ പ്രാദേശികമായി ഒരു നിരീക്ഷണ, നിയന്ത്രണ, നടത്തിപ്പ് സംവിധാനം എന്ന നിലയിലും പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെയും ഭാഗമായി പ്രാദേശിക ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ യു എൻ വിമനുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി. ജെൻഡർ ഇൻക്ലൂസീവ് ടൂറിസം എന്ന യു.എൻ വിമൻ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ